**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2284** — **18/07/2016 ൽ മറുപടിക്ക്**

## നാടൻ കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്

**ചോദ്യം**
**ശ്രീ. ആർ.രാമചന്ദ്രൻ**

**ഉത്തരം**
**മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി )**

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ നാടൻ കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ; കശുമാവ് കൃഷി പ്രചരിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി ഏതെല്ലാം ജില്ലകളിലാണ് പദ്ധതിയിടുന്നത് എന്ന് അറിയിക്കുമോ; | (എ) | തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനത്തിലുണ്ടായ കുറവ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്നാണ്. സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 6 ലക്ഷം മെട്രിക് ടൺ തോട്ടണ്ടി ആവശ്യമാണെങ്കിലും ഉല്പാദനം ½ ലക്ഷം ടൺ മാത്രമാണ്. സംസ്ഥാനത്തെ ആഭ്യന്തര തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2007 ൽ സർക്കാർ കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക് രൂപം നൽകി. ഇതിന്റെ പ്രവർത്തന ഫലമായി ആഭ്യന്തര ഉല്പാദനം 80,000 ടണ്ണിലെത്തിയിട്ടുണ്ട്. ഈ ഏജൻസി മുഖാന്തിരം സംസ്ഥാന വ്യാപകമായി കർഷകർക്ക് സൗജന്യമായി മേൽത്തരം ഗ്രാഫ്റ്റ് കശുമാവിൻ തൈകളും ഹെക്ടറിന് 12,000 രൂപ വരെ സബ്സിഡിയും നൽകി വരുന്നു. കൂടാതെ കർഷകർക്ക് ആവശ്യമായ ബോധവൽക്കരണവും വിദഗ്ധരെ പങ്കെടുപ്പിച്ച് ക്ലാസ്സുകളും നൽകാറുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതു കൂടാതെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും അവർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കർഷക കൂട്ടായ്മകളും (Cashew Farmers Group) സംസ്ഥാനത്ത് ഉടനീളം സംഘടിപ്പിച്ച് വരുന്നു.<br>സ്കൂൾ കുട്ടികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും മറ്റും നൽകാനായി മുറ്റത്തൊരു കശുമാവ് എന്ന പദ്ധതിയും നിലവിലുണ്ട്. ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെയും മറ്റും ഈ കൃഷിയുടെ വ്യാപനത്തിനായി പ്രചരണം നൽകി വരുന്നുണ്ട്.<br>കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പദ്ധതി പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടെങ്കിലും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകരാണ് ഇതിൽ കൂടുതൽ താല്പര്യം കാണിക്കുന്നത്. ഈ ജില്ലകളിലെ ചെങ്കൽ പ്രദേശങ്ങൾ മറ്റു പല കൃഷിയ്ക്കും അനുയോജ്യമല്ലെങ്കിലും കശുമാവ് കൃഷിയ്ക്ക് യോജിച്ചതാണ്.<br>അതോടൊപ്പം തന്നെ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും തരിശായി കിടക്കുന്ന ഭൂമി കണ്ടെത്താനും അത്യുല്പാദന ശേഷിയുള്ളതും കേരളത്തിന്റെ ഭൂപ്രകൃതിയ്ക്കും കാലാവസ്ഥയ്ക്കും യോജിച്ച വിത്തുതൈകൾ ഏജൻസി മുഖാന്തിരം വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കി വരുന്നു.<br>സംസ്ഥാനത്താകെ വ്യവസായാവശ്യങ്ങൾക്കു വേണ്ടി നീക്കി വച്ച വനഭൂമിയിൽപ്പെട്ട സ്ഥലങ്ങൾ കശുമാവ് കൃഷിയ്ക്ക് ഉപയോഗിക്കുന്ന കാര്യവും ഓയിൽപാം ഇന്ത്യ ലിമിറ്റഡിന്റെ കീഴിലും റിഹാബിറ്റേഷൻ പ്ലാന്റേഷൻ |

| | | | |
|---|---|---|---|
| | | | ലിമിറ്റഡിന്റെ ഉടമസ്ഥതയിലുമുള്ള തരിശുഭൂമി കശുമാവ് കൃഷിക്ക് ഉപയോഗിക്കുന്ന കാര്യവും ചർച്ച ചെയ്തു വരുന്നു.<br>കശുമാവ് കൃഷി ചെയ്യുന്നതിനായി ഭൂമി കണ്ടെത്തുന്നതിന് വനം,കൃഷി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിമാരുമായി കൂടിയാലോചിച്ച് ഒരു പദ്ധതി തയ്യാറാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | തോട്ടണ്ടിയുടെ ഇറക്കുമതി 2015 ഏപ്രിൽ മുതൽ 2016 മാർച്ച് 31 വരെ എത്രയായിരുന്നുവെന്നും ഇതിൽ എത്ര മെട്രിക് ടൺ തോട്ടണ്ടി കശുവണ്ടി വികസന കോർപറേഷനും കാപെക്സിനും കൂടി സംഭരിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ ; | (ബി) | 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ ഇന്ത്യയിൽ 9,58,339 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷൻ ഈ കാലയളവിൽ തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടില്ല. പ്രസ്തുത കാലയളവിൽ കാപെക്സ് 6175 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. |
| (സി) | കശുവണ്ടി വികസന കോർപറേഷൻ കാപെക്സ് എന്നിവയുടെ 2015-16 ലെ വാർഷിക വിറ്റുവരവ് എത്ര യായിരുന്നുവെന്ന് വ്യക്തമാക്കുമോ ; എത്ര ഉല്പന്നങ്ങൾ , കയറ്റി അയയ്ക്കുന്നതിന് കഴിഞ്ഞു എന്ന് വിശദീകരിക്കുമോ ? | (സി) | കേരള സംസ്ഥാന കശുവണ്ടി വികസന കോർപറേഷന്റെ 2015-16 ലെ വാർഷിക വിറ്റുവരവ് 38.67 കോടി രൂപയാണ്. പ്രസ്തുത വർഷം കശുവണ്ടി വികസന കോർപറേഷൻ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടില്ല. സംസ്കരിച്ച കശുവണ്ടിപ്പരിപ്പ് ഫ്രാഞ്ചസി വഴിയും, ഡിസ്ട്രിബ്യൂട്ടർമാർ വഴിയും, ടെണ്ടർ മുഖേനയും വില്പന നടത്തിയിട്ടുണ്ട്. കാപെക്സിന്റെ 2015-16 ലെ വാർഷിക വിറ്റുവരവ് 73.72 കോടി രൂപയാണ്. ഈ കാലയളവിൽ കാപെക്സ് 14.66 കോടി രൂപയുടെ കശുവണ്ടിപ്പരിപ്പ് കയറ്റി അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ